"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മാനേജർ (ടെക്നിക്കൽ) ശ്രീ. രവീന്ദ്രൻ കെ.എം, ന് ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.304/2025/TSM തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 17.10.2023 ലെ BRDC/ADMN/GN.33/2023/5153 നമ്പർ കത്ത്.
2. 03.05.2025 ലെ G.O(MS)No.6/2025/TSM നമ്പർ ഉത്തരവ്.

**ഉത്തരവ്**

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിക്കുക, പ്രസ്തുത തസ്തികയുടെ യോഗ്യത 'Degree in Engineering (Civil) with 10 years experience in Managerial capacity with exposure to infrastructure projects' എന്നാക്കി പരിഷ്കരിക്കുക, ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള വഴി തുറക്കുക, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തികയിലേക്ക് ടെക്നിക്കൽ മാനേജരായ ശ്രീ. രവീന്ദ്രൻ കെ.എം- ന് സ്ഥാനക്കയറ്റം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തിക പുനരുജ്ജീവിപ്പിച്ചും പ്രസ്തുത തസ്തികയുടെ നിലവിലെ യോഗ്യത പുനഃപരിഷ്കരിച്ചും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ബേക്കൽ

റിസോർട്ട്സ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജനറൽ മാനേജർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ചാനൽ തുറന്നുകൊണ്ട് ശ്രീ. രവീന്ദ്രൻ കെ.എം, മാനേജർ (ടെക്നിക്കൽ)- ന് 77,400 - 1,15,200 രൂപ ശമ്പള സ്കെയിലിൽ ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ
ശ്രീ. രവീന്ദ്രൻ കെ.എം, ജനറൽ മാനേജർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്‌മെന്റ് കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം
ധനകാര്യ (പി.യു-സി) വകുപ്പ്. (18.08.2024 ലെ 2711544/പി.യു-സി3/30/2024-ധന അഭിപ്രായം പ്രകാരം)
ആസൂത്ര സാമ്പത്തിക കാര്യ വകുപ്പ്. (09.11.2023 ലെ PLGEA-BPE2/222/2023-PLGEA അഭിപ്രായം പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 27-05-2025 11:11:00
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്